**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ തസ്തികയിലേയ്ക്ക് നിയമിക്കുവാൻ യോഗ്യനായ ഉദ്യോഗസ്ഥനെ തെരഞ്ഞെടുക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചും പ്രസ്തുത കാലയളവിലേയ്ക്ക് സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസറുടെ അധിക ചുമതല, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി.മിനിമോൾ എബ്രഹാമിന് നല്കിയും ഉത്തരവു പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 2080 /2017/തസ്വഭവ. തിരുവനന്തപുരം, തീയതി : 21 / 06/2017

---

പരാമർശം : ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 10.04.2017 ലെ 912/PD(P)/99 SPAO നമ്പർ കത്ത്

**<u>ഉത്തരവ്</u>**

(1) 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, വകുപ്പ് 3(2) സെക്ഷൻ പ്രകാരം സംസ്ഥാന പെർഫോമൻസ് അതോറിറ്റിയെ സഹായിക്കുന്നതിന് ഒരു സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ഓഫീസറെ നിയമിക്കേണ്ടതാണ്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിശ്ചിത ഇടവേളകളിൽ നടത്തിവരുന്ന പെർഫോമൻസ് ആഡിറ്റ് സംവിധാനത്തിന്റെ മേൽനോട്ട ചുമതലയാണ് സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസറിൽ നിക്ഷിപ്തമായിട്ടുള്ളത്. ഇന്ത്യൻ അക്കൗണ്ട്സ് & ആഡിറ്റ് സർവ്വീസിൽ നിന്നും ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ തസ്തികയിലുള്ള ഉദ്യോഗസ്ഥരെയാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രസ്തു തസ്തികയിൽ നിയമിച്ചു വരുന്നത്.

2) പ്രസ്തുത തസ്തിക വഹിച്ചു വന്നിരുന്ന ശ്രീ.എസ്.ദിവാകരൻ പിള്ള ഐ.എ&എഎസ് ന്റെ പുനർനിയമനകാലാവധി 30.05.2017 ന് അവസാനിക്കുകയുണ്ടായി. പ്രസ്തുത തസ്തികയിലേയ്ക്ക് നിയമിക്കുവാൻ യോഗ്യതയുള്ള ഉദ്യോഗസ്ഥരുടെ പാനൽ ആവശ്യപ്പെട്ടിരുന്നെങ്കിലും, അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെടാൻ യോഗ്യത ഉള്ള ഉദ്യോഗസ്ഥർ ആരും തന്നെ അപേക്ഷ സമർപ്പിച്ചിട്ടില്ലെന്ന് ഇന്ത്യയുടെ കംപട്രോളർ & ആഡിറ്റ് ജനറൽ പരാമർശ കത്തു മുഖാന്തിരം അറിയിക്കുകയുണ്ടായി.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വിവിധ ആഡിറ്റുകളുമായി ബന്ധപ്പെട്ട സുപ്രധാന തീരുമാനങ്ങൾ കൈകൊള്ളേണ്ട അധികാര സ്ഥാനം എന്ന നിലയിൽ പ്രസ്തുത തസ്തിക ദീർഘകാലം ഒഴിഞ്ഞുകിടക്കുന്നത് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കും എന്നു സർക്കാർ കരുതുന്നു. ആയതിനാൽ പ്രസ്തുത തസ്തികയിലേയ്ക്ക് യോഗ്യതയുള്ള ഒരാളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ, പുനർ നിയമന വ്യവസ്ഥയിലോ നിയമിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടർ, എന്നിവർ അംഗങ്ങളായും ഒരു സെലക്ഷൻ കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവാകുന്നു. പ്രസ്തുത സെലക്ഷൻ കമ്മിറ്റി രണ്ടുമാസത്തിനകം നടപടിക്രമങ്ങൾ

പൂർത്തിയാക്കേണ്ടതാണ്.

4) സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസറുടെ തസ്തികയിലേയ്ക്ക് പുതിയ നിയമനം നടക്കുന്നതുവരെ, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി.മിനിമോൾ എബ്രഹാമിന്, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസറുടെ അധിക ചുമതല നല്കിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),
**റ്റി.കെ. ജോസ്**
**ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം,തിരുവനന്തപുരം. ( തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**<u>പകർപ്പ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറി യുടെ അഡിഷണൽ സെക്രട്ടറിയ്ക്ക്
ധനകാര്യ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്(I&II)
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ